LIBRARY ARCHIVES Kerala Legislative Assembly

നെടുമങ്ങാട് കാർഷിക മൊത്ത വ്യാപാര വിപണി

123 [441] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് കാർഷിക മൊത്ത വ്യാപാര വിപണി സ്ഥാപിക്കുന്നതിനു ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഉയർന്ന നഷ്ടപരിഹാരം ലഭിക്കുന്നതിനായി എത്ര കേസുകൾ നിലവിലുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) കോടതി അനുവദിച്ച ഉയർന്ന നഷ്ടപരിഹാരം ഇനി എത്ര കേസുകളിൽ വിതരണം ചെയ്യാനുണ്ടെന്നും ആയതിലേക്ക് എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കാമോ;

(സി) കോടതി അനുവദിച്ച ഉയർന്ന നഷ്ടപരിഹാരം അടിയന്തിരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 50 കേസുകൾ നിലവിലുണ്ടായിരുന്നു.

(ബി) കോടതി അനുവദിച്ച ഉയർന്ന നഷ്ടപരിഹാരമായിട്ട് 3 കേസുകളിൽ മുഴുവൻ തുകയും 7 കേസുകളിൽ പലിശ ഇനത്തിൽ ബാക്കി തുകയും വിതരണം ചെയ്യാനുണ്ട്. മുഴുവൻ തുക വിതരണം ചെയ്യാനുള്ള 3 കേസുകളുടെ ആകെ തുക 5,80,673 രൂപയും ബാക്കി തുക വിതരണം ചെയ്യാനുള്ള 7 കേസുകളുടെ ആകെ തുക 42,268 രൂപയും ആണ്.

(സി) കോടതി അനുവദിച്ച ഉയർന്ന നഷ്ടപരിഹാരം അടിയന്തിരമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

"കാർഷിക ലബോറട്ടറികൾ"

124 [442] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സമ്പ്രദായങ്ങൾക്കും ജൈവകൃഷിക്കും ഉതകുന്ന രീതിയിലുള്ള നവീന ലബോറട്ടറികൾ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ:

(ബി) ഇതിനായി 2004-2005 ബഡ്ജറ്റിൽ എന്തു തുക നീക്കിവച്ചിട്ടുണ്ട്; എന്തു തുക ചെലവഴിച്ചു?

ഉത്തരം

(എ) ഉണ്ട്. ആധുനിക ലബോറട്ടറികൾ സ്ഥാപിക്കൽ എന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.